## പതിനാലാം കേരളനിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3973 21.10.2016-ൽ മറുപടിയ്ക്ക്.

**മുച്ചക്രവാഹന വിതരണം**

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ വാങ്ങി നൽകുന്നതിന് 11.01.2016-ലെ സ.ഉ(എം.എസ്) 04/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാഹനം നൽകുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (ബി) | സ്വന്തമായി മുച്ചക്രവാഹനമുള്ളവർക്ക് മാത്രമേ ഡ്രൈവിംഗ് ലൈസൻസ് നൽകുകയുള്ളുവെന്ന മോട്ടോർ വാഹന വകുപ്പിന്റെ നിബന്ധന തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വാഹനം വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ ലൈസൻസ് നിർബന്ധമാക്കുന്നത് ഈ പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ വാഹനം നൽകുന്നതിന് മുൻകൂർ ലൈസൻസ് വേണമെന്ന് നിബന്ധനയില്ല. |

Saradadevi

സെക്ഷൻ ഓഫീസർ.